താഴെയാണെങ്കിൽ 7-ാം തീയതിയുണ്ടായ ഭൂചലനത്തിന്റെ ഹൈപ്പർ സെന്റർ വെറും 9 കി.മീ. മാത്രം ഭൂമിക്കടിയിലാണ്. അത് 3 കി. മീ. അടിയിലായിരുന്നുവെങ്കിൽ നമ്മുടെ സംസ്ഥാനത്ത് നമുക്ക് ചിന്തിക്കാൻ കഴിയാത്ത അപകടമുണ്ടാകുമായിരുന്നു. അതുകൊണ്ട് എത്രയുംവേഗം കൂടുതൽ സെസ്മോഗ്രാഫുകൾ സ്ഥാപിക്കാനുള്ള നടപടിയും പാവങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള നടപടിയും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഈ പ്രസംഗമൊന്നും ഇതിലില്ല. ഇതൊക്കെ മറുപുറമാണ്. ഇതൊക്കെ പ്രസംഗമേയുള്ളൂ. കോട്ടയം ജില്ലയിലെ പൂഞ്ഞാർ മണ്ഡലത്തിൽ 2000 ഡിസംബർ 2001 ജനുവരി മാസങ്ങളിലുണ്ടായ ഭൂചലനത്തെ സംബന്ധിച്ച് പി.സി. ജോർജ്ജിന്റെ സബ്മിഷൻ. പ്രസ്തുത സബ്മിഷന് 19-2-2001-ൽ നിയമസഭയിൽ മറുപടി പറയണം. ഇതാണ് എനിക്ക് കിട്ടിയ നോട്ടീസ്. ഈ വിഷയം സംബന്ധിച്ച് കളക്ടറുടെ റിപ്പോർട്ട്. ഇതു മാത്രമല്ലാതെ ഇവിടെ പ്രസംഗിച്ച കാര്യങ്ങളൊന്നും ഇതിലില്ല. അതിനു മാത്രമേ മറുപടിയും പറയാൻ പോകുന്നുള്ളൂ. അത്രേയുള്ളൂ. ഈ പ്രസംഗം മുഴുവൻ വെള്ളത്തിലാണ്. കാരണം തന്ന റിപ്പോർട്ട് ഇതാണ്. പി.സി. ജോർജ്ജ് എഴുതിയതാണ് ഞാൻ വായിച്ചത്. മനസ്സിലായോ ? പ്രസംഗം മുഴുവൻ വെള്ളത്തിലാണ്. 31-1-2001 വരെയുള്ള കാലയളവിൽ പൂഞ്ഞാർ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന മീനച്ചൽ താലൂക്കിൽനിന്നും നഷ്ടപരിഹാരത്തിനായി കളക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ 944 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആകെ 16,75,961 രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. ഭൂചലനം, പ്രകൃതിക്ഷോഭ ദുരന്തമായി കണക്കാക്കി, അതേ നിരക്കിൽ നഷ്ടപരിഹാരം നൽകുവാൻ സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. നാശനഷ്ടങ്ങളുടെ കണക്ക് വിശദമായി പരിശോധിച്ച ശേഷം ധനസഹായം വിതരണം ചെയ്യുന്നതാണ്.

(2) മലപ്പുറം മഠത്തിൽ ഹരിജൻകോളനിയിൽ നടന്ന അക്രമം

ശ്രീ. എൻ. കണ്ണൻ : 30-1-2001-ന് മലപ്പുറം ജില്ലയിൽ പുൽപ്പറ്റ പഞ്ചായത്തിൽ മഠത്തിൽ ഹരിജൻ കോളനിയിലുണ്ടായ അക്രമസംഭവങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 30-1-2001-ന് ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുപ്പ് നടന്ന് വിജയിച്ച് ആഹ്ലാദപ്രകടനം നടത്തുന്ന സമയത്താണ് അൻപതോളം വരുന്ന അക്രമിസംഘം കോളനിയിൽ കയറി അക്രമങ്ങൾ ഉണ്ടാക്കിയത്. യു.ഡി.എഫ്- ന്റെ പ്രവർത്തകരാണ് ഈ കോളനിയിൽ കയറി അക്രമമുണ്ടാക്കിയത്. ജാനകി, ബീന, ഷീജ, ബിന്ദു, രാമചന്ദ്രൻ, സോമസുന്ദരം എന്നീ ആളുകളെ വീടുകളിൽ കയറി ആക്രമിക്കുകയും സ്ത്രീകളെ ബ്ലൗസുകൾ വലിച്ചുകീറി അപമാനിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ചക്കി എന്ന 55 വയസ്സുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ചോറുപാത്രം ചവുട്ടിത്തെറിപ്പിച്ചു. അവർക്ക് കൊയ്ത്തിന് കിട്ടിയ പതം വച്ചിരുന്നതടക്കം പുറത്തെടുത്ത് എറിഞ്ഞു കളഞ്ഞു. മാത്രമല്ല ഭീകരമായി ഈ സ്ത്രീയെ മർദ്ദിച്ചു. നാണിമാൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നയാളിന്റെ വീട്ടിൽ കയറി ഏറുപടക്കമെറിഞ്ഞ് അയാളുടെ ഗർഭിണിയായ മകളെ പുറത്തേയ്ക്ക് വലിച്ചിഴച്ച് കൊണ്ടുവന്ന് നാഭിക്ക് ചവിട്ടി, ചെരുപ്പൂരി മുഖത്ത് അടിക്കുകയും ചെയ്തു. അതുപോലെ വേലായുധൻ എന്ന ആളെ വടിവാൾകൊണ്ട് വെട്ടുകയും അടിക്കുകയും ചെയ്തു. ഈ രൂപത്തിൽ പട്ടികജാതിക്കാർ താമസിക്കുന്ന കോളനിയിൽ രാത്രി 9.30 ന് ആരംഭിച്ച അക്രമം വെളുപ്പാൻകാലം രണ്ടേകാൽ മണിക്ക് പോലീസ് വരുന്നതുവരെ തുടർന്നു. പോലീസ് സ്റ്റേഷനിൽ പോയി വിവരം പറയാൻപോലും കോളനിക്കാരായ പട്ടികജാതിക്കാരെ അനുവദിക്കാത്ത രൂപത്തിലാണ് അക്രമിസംഘം അവിടെ അഴിഞ്ഞാട്ടം നടത്തിയത്. പോലീസ് വാഹനം വന്നിട്ടാണ് പരിക്കുപറ്റിയ ആളുകളെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയത്. ഇങ്ങനെ അക്രമം നടന്നിട്ടുപോലും കൃത്യമായി കുറ്റവാളികളെ അറസ്റ്റു ചെയ്യുന്നതിനോ അവരുടെ പേരിൽ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനോ പോലീസിന്റെ ഭാഗത്തുനിന്നും ഒരു നീക്കവും ഉണ്ടായില്ല. പട്ടികജാതി കോളനിയിൽ അഴിഞ്ഞാട്ടം നടത്തിയ അക്രമിസംഘം മാതൃകാപരമായി ശിക്ഷിക്കപ്പെടണം. ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആയതിന് സമഗ്രമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, മലപ്പുറം ജില്ലയിൽ പുൽപ്പറ്റ പഞ്ചായത്തു തെരഞ്ഞെടുപ്പിനെത്തുടർന്ന് 30-1-2001-ൽ വിജയാഹ്ലാദ പ്രകടനം നടത്തിയ യു.ഡി.എഫ്. പ്രവർത്തകർ കോളനി നിവാസികളായ ചക്കി, ജാനകി, ബീന, ശ്രീജ എന്ന സ്ത്രീകൾക്കുനേരെ അതിക്രമം കാണിക്കുകയും രാമചന്ദ്രൻ, സോമസുന്ദരൻ എന്നിവരെ ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തു. ഗർഭവതിയായ ഷീജയെ അപമാനിച്ചു. വേലായുധന്റെ വീടിന് നാശനഷ്ടങ്ങൾ വരുത്തുകയും ടിയാനെയും മകളെയും മർദ്ദിക്കുകയും ചെയ്തു. ഈ സംഭവങ്ങളോടനുബന്ധിച്ച് മഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം 62/2001, 63/2001, 64/2001 എന്നീ നമ്പരുകളിലായി 3 കേസുകൾ രജിസ്റ്റർ ചെയ്തു. പ്രതികളായ 21 യു.ഡി.എഫ്. പ്രവർത്തകർക്ക് കോടതി ജാമ്യം അനുവദിച്ചു. ഒളിവിലുള്ള 2 പ്രതികളെ കൂടി അറസ്റ്റ് ചെയ്ത് നടപടി ത്വരിതപ്പെടുത്താൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ : ശ്രീ. ആന്റണി രാജു .....

(3) തിരുവനന്തപുരം ബാറിലെ അഭിഭാഷകൻ അഡ്വക്കേറ്റ് ജി. എൻ. കുറുപ്പിനെ മർദ്ദിച്ച സംഭവം

ശ്രീ. ആന്റണി രാജു : സർ, തിരുവനന്തപുരം-വഞ്ചിയൂർ കോടതിയിലെ മുതിർന്ന അഭിഭാഷകനായ ശ്രീ. ജി. എൻ. കുറുപ്പിനെ കഴിഞ്ഞ മാസം 24-ാം തീയതി വഞ്ചിയൂർ എസ്.ഐ. യുടെ നേതൃത്വത്തിൽ മർദ്ദിച്ച് അവശനാക്കിയ സംഭവമുണ്ടായി. ഇതിൽ അഭിഭാഷകർ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ഇതിനെത്തുടർന്ന് പോലീസ് കമ്മീഷണർ സ്ഥലത്തെത്തുകയും എസ്.ഐ.യെ സസ്പെന്റ് ചെയ്തതായി അറിയിക്കുകയും ചെയ്തു. സസ്പെൻഷൻ പ്രഖ്യാപന

LIBRARY ARCHIVES Kerala Legislative Assembly